● ചോദ്യോത്തരം

● സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി

# നബി(സ)യുടെ ജനാസഃനമസ്കാരവും ഖലീഫഃതെരഞ്ഞെടുപ്പും

**ചോദ്യം:** ***ആദരണീയരായ സ്വഹാബികൾ, വിശിഷ്യ, അബൂബക്കർ, ഉമർ(റ) എന്നിവർ നബി(സ)യുടെ മയ്യിത്ത് സംസ്കരണ ചടങ്ങുകളിൽ പങ്കെടുക്കാതെ പുതിയ ഖലീഫയെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ വ്യാപൃതരായെന്ന ആരോപണത്തിന്റെ യാഥാർത്ഥ്യമെന്ത്? നബി(സ)യുടെ മയ്യിത്ത് കുളിപ്പിക്കൽ, കഫൻ ചെയ്യൽ, മറമാടൽ തുടങ്ങിയ കാര്യങ്ങളിൽ ഭാഗഭാക്കാവൽ മഹാ സൗഭാഗ്യവും പ്രവാചക സ്നേഹത്തിന്റെ അടയാളവും തേട്ടവുമല്ലേ?***

**ഉത്തരം:** നബി(സ)യുടെ ജനാസഃ കഫൻ ചെയ്യപ്പെടാതെ കിടന്നുവെന്നും, ആദരണീയരായ സ്വഹാബികൾ മയ്യിത്ത് സംസ്കരണ ചിന്തയുപേക്ഷിച്ച് ഖിലാഫത്ത് ചിന്തയിൽ മുഴുകിയെന്നുമുള്ള കഥ ഭാവനാത്മകം മാത്രമാണ്. യഥാർത്ഥ സംഭവങ്ങൾ ഇങ്ങനെയാണ്: തിങ്കളാഴ്ച വൈകുന്നേരത്തോടെയാണ് നബി(സ) നിര്യാതനായത്. അവിടത്തെ പ്രത്യേക പരിചാരകൻ അനസ്(റ) آخر اليوم (ദിനാന്ത്യം) എന്ന പദമാണുപയോഗിച്ചതെന്നാണ് ബുഖാരിയിലും മുസ്‌ലിമിലുമുള്ളത്. ഇതിൽ നിന്ന് ആ മഹാസംഭവം നടന്നത് അസ്വ്‌റിന്റെയും മഗ്‌രിബിന്റെയും ഇടയിലായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയുന്നു. മുഴുവൻ വിശ്വാസി സമൂഹത്തെയും സ്തബ്ധരാക്കിയ സംഭവമായിരുന്നു അത്. പ്രത്യേകിച്ചും ഉമറി(റ)ന് പ്രവാചകന്റെ മരണവാർത്ത വിശ്വസിക്കാനായില്ല. ഒടുവിൽ അബൂബക്കർ(റ) വന്നുകൊണ്ട് ജനങ്ങളെയഭിമുഖീകരിച്ച് പ്രസംഗിക്കുകയും, അനിവാര്യമായും സംഭവിക്കേണ്ടത് സംഭവിച്ച് കഴിഞ്ഞിരിക്കുന്നുവെന്നുപറയുകയും ചെയ്തപ്പോൾ ജനത്തിന് പൂർണമായും ബോധ്യംവന്നു. അപ്പോഴേക്കും നേരം ഇരുട്ടി. രാത്രിയോട് രാത്രിതന്നെ മയ്യിത്ത് സംസ്കരിക്കുന്നത് അസാധ്യവും അസംഗതവുമായി ഭവിച്ചു. എന്തുകൊണ്ടെന്നാൽ, മദീനയിലും പ്രാന്തപ്രദേശങ്ങളിലും താമസിക്കുന്ന ആയിരക്കണക്കിന് മുസ്‌ലിംകൾക്ക് ജനാസഃയിൽ പങ്കൊള്ളാനുള്ള സൗഭാഗ്യം തടയുകയായിരിക്കും അതിന്റെ അനന്തരഫലം. പ്രവാചകനെ അവസാനമായി ഒരു നോക്ക് കാണാനും ജനാസഃ നമസ്കരിക്കുവാനുമുള്ള അവസരം മുടക്കിക്കളഞ്ഞു എന്ന പരിദേവനം അനിവാര്യമായും ഉയരുകയും ചെയ്യും. അതിനാൽ രാത്രി എങ്ങനെയെങ്കിലും നീങ്ങേണ്ടതുണ്ടായിരുന്നു. അന്നു രാത്രിയിൽ സ്വഹാബികളുടെ വ്യത്യസ്ത ഗ്രൂപ്പുകൾ അവരവരുടെ സ്ഥലത്ത് ഒരുമിച്ചുകൂടി ഇനിയെന്ത് സംഭവിക്കുമെന്ന് ചിന്തിച്ച് കൊണ്ടിരുന്നു. പരിശുദ്ധരായ പ്രവാചക പത്നിമാർ പ്രവാചകൻ മരിച്ച ആഇശ(റ)യുടെ വീട്ടിൽ വിലപിച്ചുകൊണ്ടിരിക്കുകയായിരുന്നു. അലി, സുബൈർ, ത്വൽഹഃ(റ) തുടങ്ങി പ്രവാചകന്റെ അടുത്ത ബന്ധുക്കൾ ഫാത്വിമഃ(റ)യുടെ വീട്ടിൽ ഒരുമിച്ച് കൂടിയിരിക്കുന്നു. മുഹാജിറുകളിലെ നല്ലൊരു ശതമാനവും നിറദുഃഖത്തോടുകൂടി അബൂബക്കറി(റ)ന്റെയടുത്ത് ചിന്തയിലാണ്ടിരിക്കുന്നു. അൻസ്വാരികളിലെ വ്യത്യസ്ത വിഭാഗങ്ങൾ അവരവരുടെ ഗോത്രത്തിന്റെ ഇരിപ്പിടങ്ങളിലിരിക്കുന്നു. ഈ സമയത്ത് ബനൂ സാഇദഃയുടെ ഇരിപ്പിടത്തിൽ അൻസ്വാരികളുടെ വലിയ ഒരു കൂട്ടം ഒരുമിച്ചുകൂടിയിട്ടുണ്ടെന്നും, അവിടെ പ്രവാചകന്റെ ഉത്തരാധികാരിയെക്കുറിച്ച ചർച്ച ഉയർന്നുവന്നിട്ടുണ്ടെന്നും ഏതോ ഒരാൾ വിവരമറിയിച്ചു. പ്രവാചകനു(സ) ശേഷം മുസ്‌ലിം വൃത്തത്തിൽ സീനിയറായി അംഗീകരിക്കപ്പെടുന്ന അബൂബക്കറും ഉമറും അബൂഉബൈദത്ത് ബ്നുൽ ജർറാഹും ഈ വാർത്ത കേട്ട് ചിന്താ

നിമഗ്നരായി. അതായത്, സമുദായ നേതാവിന്റെ കണ്ണു കളടഞ്ഞു. സമൂഹം മുഴുവനും നേതൃരഹിതരാണ്. പല യിടങ്ങളിലും കുഴപ്പം തലപൊക്കുമോ. സംഘടനാ വ്യവസ്ഥ വീണ്ടും നിലവിൽ വരുന്നതിന് മുമ്പുതന്നെ അരാജകത്വം തഴച്ചുവളരുമോ തുടങ്ങിയ കാര്യങ്ങളെക്കു റിച്ച് അവർ ഏറെ ചിന്തിച്ചു. ഇക്കാരണത്താൽ അവർ മൂവരും ദ്രുതഗതിയിൽ അവിടെയെത്തുകയും പ്രശ്നസാ ധ്യതയുണ്ടാകാമായിരുന്ന പ്രവാചകന്റെ ഉത്തരാധികാ രിയെ സംബന്ധിച്ച പ്രശ്നം രാത്രിക്കു രാത്രിതന്നെ ശരി യായ രൂപേണ പരിഹരിക്കുകയുമുണ്ടായി. നബി(സ) മരിച്ച ദിവസം രാത്രിയിലാണ് ഈ സംഭവങ്ങളെല്ലാം അര ങ്ങേറിയത്. ആ രാത്രിയിൽ പ്രവാചകന്റെ മയ്യിത്ത് സംസ്കരണ ചടങ്ങുകളും ഖബറടക്ക കാര്യങ്ങളും നട ക്കാത്തതിന്റെ ന്യായം മുകളിൽ വിശദീകരിച്ചിട്ടുണ്ട്. ആ രാത്രിയിൽ തന്നെയാണ് ഖിലാഫത്തിന്റെ കാര്യം തീരു മാനമാവുകയും ചെയ്തത്. അതിരാവിലെ പ്രവാചക പള്ളിയിൽ അബൂബക്കറാണ് പ്രവാചകന്റെ ഉത്തരാധി കാരിയെന്ന പ്രഖ്യാപനമുണ്ടായി. മുഹാജിറുകളും അൻസ്വാരികളും ഉദ്ധൃത പ്രഖ്യാപനം അംഗീകരിച്ചു കൊണ്ട് സംഘടനാ വ്യവസ്ഥയെ പുഷ്ടിപ്പെടുത്തുകയു ണ്ടായി. ശേഷം ഒട്ടും വൈകാതെ പ്രവാചകന്റെ മയ്യിത്ത് മറമാടേണ്ടതിന്നാവശ്യമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

ഉന്നതരായ സ്വഹാബികൾ അടുത്ത ഖലീഫയെ ക്കുറിച്ചുള്ള ചിന്തയിൽ മുഴുകിയിരിക്കുകയായിരുന്നുവെ ന്നും, പ്രവാചകന്റെ മരണാനന്തരക്രിയകൾ പ്രവാചക കുടുംബ (അഹ്ലുബൈത്ത്) മാണ് നിർവഹിച്ചതെന്നു മുള്ളവാദം യാഥാർത്ഥ്യവിരുദ്ധമാണ്. മരണാനന്തര ക്രിയ കൾ ഒരാളും തിങ്കളിനും ചൊവ്വക്കുമിടയിലെ രാത്രിയിൽ ചെയ്യുകയുണ്ടായിട്ടില്ല. അബൂബക്കർ(റ)ന് അനുസരണ പ്രതിജ്ഞ ലഭിച്ച ദിവസമായ ചൊവ്വാഴ്ചയാണ് അത് നിർവ്വഹിക്കപ്പെട്ടത്. ഈ പ്രവർത്തനം നടന്നത് ആഇ ശഃ(റ)യുടെ മുറിയിൽ വെച്ചാണ്. ആ മുറിയുടെ ഒരു വാതിൽ പ്രവാചക പള്ളിയിലേക്ക് തുറന്നിരിപ്പുണ്ടായി രുന്നു. ആ ഭാഗത്ത് മദീനയിലെ എല്ലാ സ്വഹാബികളും ഒരുമിച്ചുകൂടിയിരുന്നു. സമീപസ്ഥലത്തെ ജനങ്ങൾ മര ണവാർത്ത കേട്ട് അങ്ങോട്ട് വന്നുകൊണ്ടിരുന്നു. അവി ടെവെച്ചാണ് ജനങ്ങൾ അബൂബക്കറി(റ)ന് അനുസരണ പ്രതിജ്ഞ നൽകിയത്. അനുസരണ പ്രതിജ്ഞ നടന്ന മദീനാ പള്ളിയും പള്ളിയോട് ചേർന്ന പ്രവാചകനെ മറവ് ചെയ്ത ആഇശഃ(റ)യുടെ മുറിയും തമ്മിലെ ബന്ധം എങ്ങനെയെന്ന് അവിടം സന്ദർശിക്കുന്നവർക്ക് കാണാൻ കഴിയും. സ്വഹാബികൾ പ്രവാചകന്റെ മരണാനന്തര ക്രിയകളിൽ പങ്കെടുക്കാതെ ഖലീഫയെ തെരഞ്ഞെടു ക്കുന്ന വിഷയത്തിൽ വ്യാപൃതരായിരുന്നുവെന്നും നിസ്സ ഹായരായ അഹ്ലുബൈത്താണ് ശേഷ ക്രിയകൾ ചെയ്തതെന്നുമുള്ള ആരോപണം അവരെങ്ങാനും കേൾക്കാനിടയായാൽ ചിരിച്ചു പോകും. അസംബന്ധ ങ്ങൾ പടച്ചുവിടാനും വേണ്ടേ അൽപം സാമർഥ്യം.

നബി(സ)യെ കുളിപ്പിച്ചതും കഫൻ ചെയ്തതും അഹ്ലുബൈത്തുകാർ മാത്രമാണെന്നതും വാസ്തവവി രുദ്ധമാണ്. പ്രസ്തുത സേവനം ചെയ്തവർ അലി, അബ്ബാ സ്, ഫദ്ലുബ്നു അബ്ബാസ്, ഖുസമ്ബ്നു അബ്ബാസ്, ഉസാമഃ ബ്നു സൈദ്, നബി(സ) സ്വതന്ത്രനാക്കിയ അടി മയായ ശുഖ്റാൻ (എല്ലാവരെയും അല്ലാഹു അനുഗ്രഹി ക്കട്ടെ) എന്നിവരായിരുന്നു. സന്ദർശനത്തിരക്ക് മൂലം പ്രയാസപ്പെട്ടപ്പോഴാണ് അവർ മുറിയുടെ വാതിൽ അട ച്ചത്. വാതിൽ തുറന്നാൽ ജനങ്ങൾ അകത്തേക്ക് തള്ളി ക്കയറുകയും തദ്വാരാ ജോലിതടസ്സമുണ്ടാവുകയും ചെയ്യു മെന്ന ആശങ്കയും ഉണ്ടായിരുന്നു. എന്നിട്ടും ഈ സൽകൃ ത്യത്തിൽ ഭാഗഭാക്കാവാൻ ഞങ്ങൾക്കും അവസരം വേണ മെന്ന് അൻസ്വാരികൾ ബഹളം വച്ചപ്പോൾ അവരിൽ നിന്നു ഔസ്ബ്നു ഖൗലയെ അകത്തേക്ക് വിളിച്ചു. കഫൻ ചെയ്തതിന് ശേഷം നബി(സ)യ്ക്ക് വേണ്ടി ഖബർ എവിടെയാണ് തയാറാക്കപ്പെട്ടതെന്ന ചോദ്യം ഉണ്ടായി. അബൂബക്കർ(റ) പറഞ്ഞു: എവിടെവെച്ചാണോ നബി(സ)യുടെ മരണം സംഭവിച്ചത് അവിടെത്തന്നെ ഖബറടക്കവും നടക്കണം. (ما قُبض نبيٌ إلا دُفن حيث يُقْبَض) അതിനാൽ ആഇശഃ(റ)യുടെ മുറിയിൽ തന്നെ ഖബർ തയ്യാറാക്കാനുള്ള തീരുമാനം വരികയുണ്ടായി. അബൂ ത്വൽഹഃ(റ)യും സൈദ്ബ്നു സഹ്ൽ അൻസ്വാരിയും ഖബർ കുഴിച്ചു. പിന്നീട് ജനങ്ങൾ ഗ്രൂപ്പുകളായി അകത്ത് പ്രവേശിച്ച് ജനാസഃ നമസ്കരിക്കാൻ തുടങ്ങി. രാത്രിയാ വുന്നത് വരെയും നമസ്കാരം അഭംഗുരം നടന്നുകൊ ണ്ടിരുന്നു. ബുധനാഴ്ച അർദ്ധരാത്രിയോടടുത്താണ് ഖബ റടക്കം നടന്നത്. ഇത്രയും നീണ്ട സമയത്തിനിടയിൽ പ്രവാചകന്റെ കുടുംബക്കാർ മാത്രം പ്രവാചകന്റെ പരി ശുദ്ധമായ മൃതശരീരത്തിനു മുന്നിലിരുന്ന സമയം ഏതാ ണെന്നും ആദരണീയമായ സ്വഹാബികൾ ഖിലാഫ ത്തിന്റെ ചിന്തയിൽ മുഴുകിയ സമയം ഏതാണെന്നും അറിയാൻ കഴിയുന്നില്ല. (1958 നവംബർ).

**ചോദ്യം:** ***ജനങ്ങൾ മഹാൻമാരായ വ്യക്തി കളുടെ ഖബ്റുകൾക്കരികെചെന്ന് ധ്യാന നിരത രാകാറുണ്ടായിരുന്നുവെന്ന് ശൈഖുമാരുടെയും സ്വൂഫികളുടെയും വർണ്ണനകളിൽ നിന്നു മനസ്സി ലാക്കാൻ കഴിയുന്നു. ചില മഹാന്മാരുടെ ഖബറു കൾക്കടുത്ത് ചെന്ന് അല്ലാഹുവോട് പ്രാർത്ഥിക്കു ന്നത് പ്രാർത്ഥന സ്വീകാര്യമാവാൻ കാരണമാവു മെന്നും അവർ പറയുന്നു. ഇതിന്റെ ഇസ്ലാമിക വിധിയെന്ത്?***

ഉത്തരം: ഇസ്ലാമിൽ പ്രമാണം ഖുർആനും സുന്ന ത്തുമാണ്, മഹാന്മാരുടെ വാക്കുകളും ചെയ്തികളുമല്ല എന്ന് ഒന്നാമതായി മനസ്സിലാക്കണം. രണ്ടാമതായി, മഹാ ന്മാരുടെ വാക്കുകളെയും ചെയ്തികളെയും സംബന്ധിച്ച് നമുക്ക് ലഭിക്കുന്ന കാര്യങ്ങൾ പരമ്പരയായി അവരിലേക്ക് ചേർക്കപ്പെട്ടതാണോയെന്ന് കൃത്യമായി പറയാൻ കഴി

യാത്തതിനാൽ അവലംബനീയമല്ലതാനും. അവ പ്രമാണമായംഗീകരിച്ചുപിന്തുടരുന്നത് തികച്ചും ജാഗ്രതയില്ലാത്ത സമീപനമാണ് എന്നാണെന്റെ അഭിപ്രായം. ഖുർആനിൽ നിന്നും ഹദീസിൽനിന്നും ലഭിക്കുന്നതോടൊപ്പം തന്നെ സ്വഹാബികളുടെയും താബിഉകളുടെയും കാലഘട്ടത്തിൽ പ്രചാരം സിദ്ധിച്ചതും, സമൂഹത്തിലെ മുഹദ്ദിസുകളും ഫുഖഹാക്കളും സ്ഫുടം ചെയ്ത് ക്രോഡീകരിച്ചതുമായ വഴികളാണ് സുരക്ഷിതം. അതിനാൽ, ദീനിൽ അവലംബയോഗ്യവും സുദൃഢവുമായ മാർഗ്ഗത്തിലൂടെ ചരിക്കാനുദ്ദേശിക്കുന്നവർക്ക് പ്രസ്തുത സുരക്ഷിതമാർഗ്ഗങ്ങളിൽ നിന്ന് തെന്നിമാറുന്ന ചിന്ത ഒരിക്കലും ഉണ്ടാവരുത്. കാരണം പുറത്തുള്ളതെല്ലാം നേരിയ അപകടത്തിൽ നിന്നുപോലും മുക്തമല്ല. ഇനി താങ്കളുന്നയിച്ച പ്രശ്നമെടുക്കുക. മഹാന്മാരായ ആളുകൾ ഇപ്രകാരം ചെയ്തിരുന്നുവെന്ന പരാമർശങ്ങളുടെ ആധികാരികത, അതീവ ദുർബലമായ ഹദീസുകൾക്കുമപ്പുറമാണോ?, വസ്തുതാപരമായി ത്തന്നെ അവർ അങ്ങനെ ചെയ്തിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾകൂടി അന്വേഷണത്തിൽ വരേണ്ടതുണ്ട്. യഥാർത്ഥത്തിൽ, അവർ അപ്രകാരം ചെയ്തിട്ടില്ലെന്ന് സങ്കൽപിച്ചാൽ, പരമ്പര ഇല്ലാത്ത റിപ്പോർട്ടുകളെ പിൻപറ്റിയാൽ നാം പരലോകത്ത് എന്ത് മറുപടിയാണ് പറയുക? ശിക്ഷയെക്കുറിച്ച സജീവ ചിന്തയും സ്വരക്ഷയെക്കുറിച്ച ആഗ്രഹവുമുള്ള നാം ഉദ്ധൃത പ്രവർത്തനങ്ങൾ നടത്തുന്നതിനു മുമ്പ് ദീനിന്റെ സുരക്ഷിത മാർഗ്ഗങ്ങളിലേക്ക് മടങ്ങി, ചില ചോദ്യങ്ങളിലൂടെ സമാധാനം കണ്ടെത്തേണ്ടതുണ്ട്. ദീനിന്റെ സുരക്ഷിത മാർഗ്ഗങ്ങളിൽ പ്രാർത്ഥനയുടെ സ്വീകാര്യതക്കും പ്രയോജന സിദ്ധിക്കും ഈ വഴി പറഞ്ഞുതന്നിട്ടുണ്ടോ? സ്വഹാബികൾ പ്രവാചകന്റെ അനുഗൃഹീതമായ ഖബറിടത്തിൽ പോയി വല്ലപ്പോഴും പ്രസ്തുത പ്രാർത്ഥനാരീതികൾ സ്വീകരിച്ചിട്ടുണ്ടോ? താബിഉകൾ വല്ലപ്പോഴും സ്വഹാബികളുടെ ഖബ്റിനടുത്ത് അപ്രകാരം ചെയ്തിട്ടുണ്ടോ? ഏതെങ്കിലും മുഹദ്ദിസോ ഫഖീഹോ അതിനെ നിയമവിധേയമാർഗമെന്ന് പറഞ്ഞിട്ടുണ്ടോ? അതിലുപരി, അല്ലാഹുതന്നെ ഖുർആനിലെവിടെയെങ്കിലും പ്രാർത്ഥനക്കുത്തരം ലഭിക്കാനും പ്രയോജനം സിദ്ധിക്കാനും വേണ്ടി ഖബ്റുകളുടെ അടുത്തേക്ക് പോവൂ എന്ന് പഠിപ്പിച്ചിട്ടുണ്ടോ? അല്ലാഹുവിന്റെ തിരുദൂതർ ഈ വഴിയിലേക്ക് വല്ല സൂചനയും നൽകിയിട്ടുണ്ടോ? ഇങ്ങനെ പ്രസ്തുത വഴികളിലൂടെ വല്ല തെളിവും ലഭിക്കുകയാണെങ്കിൽ സമാധാനത്തോടുകൂടി അത് ചെയ്യാൻ കഴിയും. ഇല്ലെങ്കിൽ അത് തെറ്റായോ അല്ലെങ്കിൽ സംശയാസ്പദമായ കാര്യമായോ അംഗീകരിക്കേണ്ടിവരും. സംശയാസ്പദമായ ഇത്തരം പ്രവർത്തനങ്ങൾ ചെയ്ത് ഞാൻ അപകടം വിലയ്ക്ക് വാങ്ങുകയും നാളെ അത് പരലോകത്ത് തെറ്റായി ഗണിക്കപ്പെടുകയും ചെയ്താൽ അതെന്തുമാത്രം ഭയാനകമായിരിക്കും. ദീനിന്റെ യഥാർത്ഥ സരണി മനസ്സിലാക്കാൻ വിശ്വാസ യോഗ്യമായ മാർഗ്ഗങ്ങളുണ്ടായിരിക്കെ, സന്ദേഹാത്മക മാർഗ്ഗങ്ങളെന്തിന് അവലംബിച്ചുവെന്ന ചോദ്യത്തിന് നാമെന്ത് മറുപടി നൽകും?

***ചോദ്യം: ഏതെങ്കിലും മഹാനുഭാവന്റെ ഖബറിൽപോയി 'അല്ലാഹുവിന്റെ വലിയ്യേ, താങ്കൾ ഞങ്ങൾക്ക് വേണ്ടി അല്ലാഹുവോട് പാർത്ഥിച്ചാലും' എന്ന് പറയുന്നത് ശരിയാണോ?***

ഉത്തരം: ഏതൊരാൾക്കും സ്വയം തന്നെ അല്ലാഹുവോട് പ്രാർത്ഥന നടത്താം, മറ്റുള്ളവരോട് തനിക്ക് വേണ്ടി പ്രാർത്ഥിക്കാൻ പറയുകയുമാവാം. പക്ഷെ മരണപ്പെട്ടുപോയ മഹാന്മാരുടെ ഖബറിനടുത്തുപോയി അപേക്ഷകൾ സമർപ്പിക്കൽ വിഷയത്തെ തികച്ചും മാറ്റിമറിക്കുന്നു. ഖബറിനടുത്തുപോയി ഇത്തരം കാര്യങ്ങൾ പറയുന്നതിന് രണ്ട് രൂപങ്ങളുണ്ട്. ഒന്ന്, അല്ലാഹു കേൾക്കുന്നതുപോലെത്തന്നെ ഇവരും കേൾക്കുന്നു എന്ന വിശ്വാസത്തിൽ പ്രാർത്ഥിക്കുന്നു. (നിങ്ങൾ നിങ്ങളുടെ വാക്കുകളെ രഹസ്യമാക്കിയാലും പരസ്യമാക്കിയാലും ശരി നിങ്ങളുടെ ഹൃദയാന്തരങ്ങളിലെ കാര്യങ്ങൾ പോലും അവൻ സസൂക്ഷ്മം അറിയുന്നവനാണ്-ഖുർആൻ).

രണ്ട്: താങ്കൾ അല്ലാഹുവിന്റെ വലിയ്യിനെ അത്യുച്ചത്തിൽ വിളിക്കുന്നു. ഇതിൽ വിശ്വാസപരമായ ദോഷങ്ങളൊന്നും ഉണ്ടാവുകയില്ല. പക്ഷെ ഇത് ഇരുട്ടിൽ ശരം തൊടുക്കുന്നത് പോലെയാണ്. താങ്കളുടെ വിളി വലിയ്യ് കേൾക്കാതിരിക്കാനും സാധ്യതയുണ്ട്. എന്തുകൊണ്ടെന്നാൽ, മരിച്ചവർ കേൾക്കുമോ ഇല്ലയോ എന്നത് ഭിന്നാഭിപ്രായമുള്ള വിഷയമാണ്. വലിയ്യ് കേൾക്കാനും സാധ്യതയുണ്ട്. പക്ഷെ അദ്ദേഹത്തിന്റെ റൂഹ് ആ സമയത്തവിടെ ഉണ്ടായിക്കൊള്ളണമെന്നില്ല. താങ്കൾ ഒഴിഞ്ഞ സ്ഥലത്ത് വെച്ച് ശബ്ദമുയർത്തുക എന്നത് മാത്രമായിരിക്കും ഫലം. ഇനി റൂഹ് അവിടെയുണ്ടാവാനും അത് റബ്ബുമായി ലയിച്ചിരിക്കാനും സാധ്യതയുണ്ട്. ഈ അവസ്ഥയിൽ താങ്കൾ സ്വന്തം കാര്യസാധ്യത്തിന് വേണ്ടി ശബ്ദമുയർത്തി വിളിക്കുന്നത് റൂഹിനെ ഉപദ്രവിക്കലായിരിക്കും. ലോകത്തിലെ ഏറ്റവും നല്ല മനുഷ്യനോട് പ്രാത്ഥിപ്പിക്കാൻ താങ്കൾ പോകുമ്പോൾ നല്ല മാർഗേണ ആദ്യം കൂടിക്കാഴ്ച നടത്തുന്നു. പിന്നീട് താങ്കൾ ഹർജി നൽകുന്നു. എന്നാൽ ആൾ അകത്തുണ്ടോ, ഇല്ലേ, വിശ്രമത്തിലാണോ, അതോ വല്ല ജോലിയിലും വ്യാപൃതമാണോ, താങ്കളുടെ വർത്തമാനം കേൾക്കാൻ ഒഴിഞ്ഞിരിക്കുകയാണോ എന്നൊന്നും അറിയാതെ താങ്കൾ വീടിന്റെ പുറത്ത് നിന്നുകൊണ്ട് ഉച്ചത്തിൽ സംസാരിക്കുകയില്ല. ഇനി ചിന്തിക്കുക, മരണമടഞ്ഞ മഹാന്മാരായ ആളുകളുടെ വിഷയത്തിൽ അവരുടെ അവസ്ഥകളൊന്നും അറിയാനോ അവരോട് നേർക്കുനേരെ കൂടിക്കാഴ്ച നടത്തുവാനോ നമുക്ക് ഒരവസരവും ലഭിച്ചിട്ടി

ല്ലാതിരിക്കെ, അവരുടെ ഖബറിങ്കൽ പോയി അനുചിതമായി ബഹളം വെക്കൽ ബുദ്ധിമാനായ മനുഷ്യന്റെ ജോലിയാണോ? പ്രാർത്ഥിക്കാനുള്ള ഇത്തരം രീതി ഖുർആനിലും ഹദീസിലും പഠിപ്പിക്കപ്പെട്ടതോ, സ്വഹാബികളുടെ കാലഘട്ടത്തിൽ ഇതിന്റെ പ്രചാരത്തിന് വല്ല തെളിവോ ഉണ്ടെങ്കിൽ കാര്യം വ്യക്തവും നിറമനസ്സോടുകൂടി നമുക്ക് ചെയ്യാൻ സാധ്യവുമായിരുന്നു. ഒരു തെളിവും ലഭിക്കാത്ത സ്ഥിതിക്ക് ഇത്തരം മാർഗ്ഗങ്ങൾ തെരഞ്ഞെടുക്കൽ ഒന്നുകിൽ വ്യക്തമായും ദൈവിക വിശേഷണങ്ങളുമായി ഏറ്റുമുട്ടുന്നതും അല്ലെങ്കിൽ ബുദ്ധിക്കുൾക്കൊള്ളാൻ കഴിയാത്തതുമാണ്.

***ചോദ്യം:ചിലയാളുകളുടെ പ്രാർത്ഥനകളിൽ 'ഇന്ന വ്യക്തിയുടെ പദവികൊണ്ട്' അല്ലെങ്കിൽ 'ഇന്ന വ്യക്തിയുടെ ജാഹ് (സ്ഥാനം)കൊണ്ട്' എന്ന പരാമർശം കാണുന്നു. മതദൃഷ്ട്യാ ഇതിന്റെ സ്ഥാനമെന്ത്? പ്രവാചക ചര്യ ഇതിൽ എന്തുപറയുന്നു? സ്വഹാബികളുടെ നിലപാടെന്ത്? ഇത്തരം പ്രാർത്ഥനാ ശൈലികളിലൂടെ മതപരമായ വല്ല കുഴപ്പവും കടന്നുവരുമോ?***

ഉത്തരം: ഏതെങ്കിലും മഹാന്റെ സ്ഥാനമാനങ്ങളും പദവികളും മുൻനിർത്തിക്കൊണ്ട് നടത്തുന്ന പ്രാർത്ഥനാ രീതി അല്ലാഹുവോ അല്ലാഹുവിന്റെ തിരുദൂതരോ നമുക്ക് പഠിപ്പിച്ചുതന്നിട്ടില്ല. ഖുർആൻ ഇത്തരം ഭാവനകളിൽ നിന്ന് തികച്ചും മുക്തമാണെന്ന വസ്തുത താങ്കൾക്കറിയാവുന്നതുമാണ്. എന്റെ അറിവിൽ പെട്ടിടത്തോളം ഇതിന് ഹദീസിലും ഒരു അടിസ്ഥാനവുമില്ല. ഏതെങ്കിലും സ്വഹാബി ഇത്തരം രീതി സ്വീകരിച്ചതായോ മറ്റുള്ളവരെ പഠിപ്പിച്ചതായോ അറിയാൻ കഴിഞ്ഞിട്ടില്ല. മുസ്‌ലിംകളിൽ ഈ രീതി എന്നാണ് തുടങ്ങിയതെന്നോ എവിടെനിന്നാണിത് വന്നതെന്നോ അറിയുകയില്ല. ഈ ചെയ്തി തടയപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ പറയുകയില്ല. രണ്ട് കാര്യങ്ങൾ മാത്രമാണ് എനിക്ക് ഈ വിഷയകമായി പറയാനുള്ളത്. ഒന്ന്, ഈ ചെയ്തി അല്ലാഹു, പ്രാർത്ഥിക്കാൻ പഠിപ്പിച്ച രീതിയോ പ്രവാചകൻ(സ) തന്റെ സത്യസന്ധരായ അനുചരർക്ക് കാണിച്ചുകൊടുത്ത രീതിയോ അല്ല. അതിനാൽ അതിൽ നിന്നകന്ന് നിൽക്കേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ മുഴുവൻ പ്രവാചകരും ഈ ലോകത്താഗതരായത് അല്ലാഹുവിന്നും അടിമകൾക്കുമിടയിലുള്ള ബന്ധത്തിന്റെ ശരിയായ രൂപം ഏതാണെന്ന് കാണിച്ചുതരാനാണ്. ആ ശരിയായ രൂപം പ്രവാചകൻ സ്വയം ഉൾക്കൊള്ളുകയും മറ്റുള്ളവർക്കത് പഠിപ്പിച്ച് കൊടുക്കുകയും ചെയ്തിട്ടില്ലെങ്കിൽ ജനങ്ങൾ പരിഗണനീയ മാർഗങ്ങളുപേക്ഷിച്ച് പരിഗണനീയമല്ലാത്ത മാർഗ്ഗങ്ങൾ സ്വീകരിക്കുമായിരുന്നു.

രണ്ട്: എനിക്ക് ഈ പ്രാർത്ഥനാ രീതിയിൽ വല്ലാത്ത അസ്വസ്ഥത അനുഭവപ്പെടുന്നു. അതിന്റെ ആശയത്തെ മാത്രം പരിഗണിക്കുന്ന ഒരാൾക്ക് എനിക്കനുഭവപ്പെടുന്ന അസ്വസ്ഥത അനുഭവപ്പെടാതിരിക്കാം എന്നത് വേറെ കാര്യം. ഈ പ്രാർത്ഥനാ രീതിയിലെ നിഗൂഢതകളെ കുറിച്ച് ചിന്തിക്കുമ്പോഴൊക്കെ എന്റെ മുമ്പിൽ വരുന്നത് വലിയ ഉദാരനായ മനുഷ്യന്റെ ചിത്രമാണ്. അദ്ദേഹത്തിന്റെ വീടിന്റെ കവാടത്തിലൂടെ ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കപ്പെടുന്നു. പൊതുജന നന്മയിൽ അതീവ തൽപരനായ അദ്ദേഹത്തിന്റെ ദർബാർ എല്ലാവർക്കുമായി സദാ തുറക്കപ്പെട്ടിരിക്കുന്നു. ചോദിക്കേണ്ടവർക്കെല്ലാം അതിലൂടെ ചോദിക്കാൻ കഴിയുന്നു. ഒരാൾക്കും അദ്ദേഹത്തിന്റെ ഔദാര്യങ്ങൾ തടയപ്പെടുന്നില്ല. ഇങ്ങനെയുള്ള മഹാവ്യക്തിയുടെ അടുത്ത് ഒരാൾവന്നുകൊണ്ട് 'അല്ലയോ ഉദാരനായ മനുഷ്യാ, താങ്കൾ എന്നെ സഹായിക്കൂ' എന്ന് പറയാതെ, ഇന്ന കൂട്ടുകാരനെ മുൻനിർത്തി എന്റെ ആവശ്യങ്ങൾ പൂർത്തീകരിച്ച് തരൂ എന്ന് പറയുന്നു. ഇതിൽ ഒരു ദുഷ്ചിന്ത ഒളിഞ്ഞ് കിടക്കുന്നു. അതായത് 'ഉദാരൻ' എന്ന വിശേഷണത്തിലൂടെ അദ്ദേഹം എല്ലാവർക്കും സഹായം ചെയ്യുന്നില്ല. മറിച്ച് തന്റെ കൂട്ടുകാർക്കും പ്രിയപ്പെട്ടവർക്കും സമീപസ്ഥർക്കും വേണ്ടിയാണ് നന്മ ചെയ്യുന്നത്. അയാൾ മധ്യവർത്തിമുഖേനയല്ലാതെ നൽകുകയില്ല. എങ്ങനെയുണ്ട്?

ഞാൻ ഇന്ന മഹാന്റെ തവസ്സുലുമായിട്ടാണ് വന്നിരിക്കുന്നതെന്നും എന്റെ അപേക്ഷ തവസ്സുലില്ലാത്ത വ്യക്തിയുടെ അപേക്ഷയായി കരുതി തള്ളരുതെന്നുമുള്ള സമ്മർദ്ദമായിരിക്കും അപ്പോൾ അതിന്റെ വിവക്ഷ. ഇനി ഈ പ്രാർത്ഥനീരീതിയിൽ നിഗൂഢതകളൊന്നുമില്ലെങ്കിൽ അതിന്റെ വസ്തുത എന്നെ ബോധ്യമാക്കിയാലും. ഈ വിഷയത്തിൽ എന്റെ മനസ്സിന്റെ ആശങ്ക നീങ്ങിയാൽ ഞാൻ ഏറെ സന്തോഷവാനായിരിക്കും. എന്നാൽ, ഈ ചെയ്തിയുടെ യഥാർത്ഥ നിഗൂഢതകൾ ഇതുതന്നെയാണെങ്കിൽ, അല്ലാഹുവിന്റെ സമ്പൂർണ വിശേഷണങ്ങളെ സംബന്ധിച്ച് ശരിയായ സങ്കൽപം വെച്ചുപുലർത്തുന്ന ഒരാൾക്ക് ഈ പ്രാർത്ഥനാരീതി തെരഞ്ഞെടുക്കാൻ എങ്ങനെ കഴിയുമെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല.

ഇത്തരം നിഗൂഢതകൾ മുമ്പിൽവെച്ചുകൊണ്ട് ഫുഖഹാക്കളും ഈ പ്രാർത്ഥനാ രീതിയെ കറാഹത്താക്കിയിരിക്കുന്നു. ഹനഫീ മദ്ഹബിലെ ഏറെ പ്രശസ്ത ഗ്രന്ഥമായ 'ഹിദായഃ'യിൽ ഈ പരമാർശം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

ويكره أن يقول الرجل في دعائه بحق فلان أو بحق أنبيائك ورسلك لأنه لا حق للمخلوق على الخالق. (كتاب الكراهية، مسائل متفرقة)

ഒരു വ്യക്തി തന്റെ പ്രാർത്ഥനയിൽ നബിമാരുടെയും മുർസലുകളുടെയും 'ഹഖ്'കൊണ്ട് എന്ന് പറയൽ കറാഹത്താകുന്നു. എന്തുകൊണ്ടെന്നാൽ സൃഷ്ടികൾക്ക് സ്രഷ്ടാവിന്റെ മേൽ ഒരു ഹഖ്വും ഇല്ല. (1957 നവംബർ)

വിവ: അബ്ദുസ്സലാം പുലാപ്പറ്റ